

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

മതിലകം ബ്ലോക്ക് പഞ്ചായത്ത്

2014-15 & 2015-16

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(ബിപി.2)662/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.

ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 02.06.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മതിലകം ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : മതിലകം ബ്ലോക്ക്പഞ്ചായത്ത് - 2014-15,2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡിക 2-1, ഭാഗം 3ലെ ഖണ്ഡിക 3-1, 3-6, 3-7, 3-16 ലെ ഖണ്ഡികകൾ എന്നിവകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാനഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ),തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(ബിപി.2)662/2017 തീയ്യതി: 02.06.2017

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15 & 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്തിന്റെ 21.12.2015 മുതൽ 1.04.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	വി.സുരേഷ് ബാബു ജോയിന്റ് ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	3.4.2017 മുതൽ 19.4.2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുനിൽ ദത്ത് എം.ആർ	ഓഡിറ്റ് ഓഫീസർ
ശ്രീ.സിനിലാൽ എം.ജി	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സോന.കെ.സത്യൻ	ഓഡിറ്റർ

നിർവ്വഹണ അധികാരികൾ

പ്രസിഡന്റ്	കാലയളവ്
ശ്രീമതി.പുഷ്പ ശ്രീനിവാസൻ	01-04-2014 മുതൽ 31.10.15 വരെ
ഭരണനിർവ്വഹണ കമ്മിറ്റി	1.11.15 മുതൽ 18.11.15 വരെ
ശ്രീ.കെ.കെ.അബീദലി	19-11-2015 മുതൽ 31.03.2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

സെക്രട്ടറി	കാലയളവ്
ശ്രീ.ജെ ഹരിലാൽ	1.04.2014 മുതൽ 31.01.2015 വരെ
ശ്രീ. എ.എ മുരുകാനന്ദൻ	1.02.2015 മുതൽ 13-02-15വരെ
ശ്രീ.വി.ശാന്താറാം	13-02-2015 മുതൽ 10-08-15(FN) വരെ
ശ്രീ. എം.ജി. ശശി	10.08.2015 A.N മുതൽ 04.12.2015 വരെ
ശ്രീമതി. യു.എം. ഷംല	05.12.2015 മുതൽ 21.02.2016 വരെ
ശ്രീ. ജെ. ജയപ്രകാശ്	22.02.2016 മുതൽ 31.03.2016 വരെ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
സി.ഡി.പി.ഒ	ശ്രീമതി.സുലക്ഷണ. എസ്.	01.04.2014 മുതൽ 09.05.2014 വരെ
	കെ.എസ് സീത (ചാർജ്ജ് – സൂപ്പർ വൈസർ)	10.05.2014 മുതൽ 17.06.14 വരെ
	ആമിന ബീവി	18.06. 2014 മുതൽ 2.08.14 വരെ
	കെ.എസ് സീത (ചാർജ്ജ് – സൂപ്പർ വൈസർ)	3.08.2014 മുതൽ 24.08.14 വരെ
	ശ്രീമതി.ടി.ആർ.രാജലക്ഷ്മി	25.08.2014 മുതൽ 31.03.2016 വരെ
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., പെരിഞ്ഞനം	ഡോ.സാന്ദ്ര.എം.പരമേശ്വരൻ	01.04.2014 മുതൽ 31.03.2016വരെ

സീനിയർ വെറ്ററിനറി സർജൻ	ശ്രീ.ഫ്രാൻസീസ് സെബാസ്റ്റ്യൻ	01.04.2014 മുതൽ 31.03.2016വരെ
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	ശ്രീ.ഡി.ബിജു	01.04.2014 മുതൽ 31.03.2016വരെ
ക്ഷീരവികസന ഓഫീസർ	ശ്രീ.പി.ഇ ഡോളസ്	1.04.2014 മുതൽ 1.12.2014 (FN)വരെ
	ശ്രീമതി. വിധു വർക്കി	01.12.2014 A.N മുതൽ 9.11.2015 FN വരെ
	അനുമുരളി	09.11.2015 A.N മുതൽ 31.03.2016 വരെ
കൃഷി അസിസ്റ്റൻറ് ഡയറക്ടർ	ശ്രീ.ഗോപിദാസ്.എം.പി.	01.04.2015 മുതൽ 04.10.2015
	ശ്രീമതി. പി. ഉഷ	05.10.2015 മുതൽ 31.03.2016 വരെ
പട്ടികജാതി വികസന ഓഫീസർ	ശ്രീമതി.എം.കെ.തങ്കമണി	01.04.2014 മുതൽ 31.03.2016വരെ
വ്യവസായ വികസന ഓഫീസർ	ശ്രീ.നൗഫൽ.യു.എസ്.	01.04.2014 മുതൽ 31.08.2014 വരെ
	ശ്രീ. രാജൻ(അഡിഷണൽ ചാർജ്ജ്)	1.09.2014 മുതൽ 3.09.2014 വരെ

ശ്രീ.എ.അബ്ദുൾറഹീം	04.09.2014 മുതൽ 5.08.2015 വരെ
ശ്രീ. രാജൻ	6.08.2015 മുതൽ 13.09.2015 വരെ
ശ്രീ. ജയമോഹൻ,	14.09.2015 മുതൽ 31.03.2016 വരെ

ഉള്ളടക്കം

ക്രമനം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1.1
2	വാർഷിക ധനകാര്യപത്രിക.	1.2
3	സാമ്പത്തിക വിശകലനം	1.3
4	ഫണ്ട് വിനിയോഗം	1.4
5	പദ്ധതി അവലോകനം.	1.5
6	ആഭ്യന്തരനിയന്ത്രണം.	1.6
7	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1.7
	ഭാഗം 2	
8	ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക കൃത്യമായി ഈടാക്കുന്നില്ല-വരുമാന നഷ്ടം	2.1
9	ഗ്രാമപഞ്ചായത്തുകളിൽ നിന്നും സാംഖ്യ രസീതുകൾ ലഭ്യമാക്കണം.	2.2
	ഭാഗം 3	
10	ഭിന്ന ശേഷിക്കാർക്ക് ട്രൈ സ്കൂട്ടർ വാങ്ങി നൽകി-ഗുണഭോക്താക്കൾക്ക് നാളിതു വരെ ലൈസൻസ് ലഭിച്ചിട്ടില്ല.	3-1
11	ഐ.സി.ഡി.എസ് ഓഫീസിന് അടിസ്ഥാന സൗകര്യം ഒരുക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ.	3-2
12	ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ	3-3

13	പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.	3-4
14	ബ്ലോക്ക് പഞ്ചായത്ത് കോംമ്പൗണ്ടിൽ സൗരോർജ്ജ പാനൽ സജ്ജീകരിക്കൽ-അപാകതകൾ.	3-5
15	ഐ.എ.വൈ. ഗ്രണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.	3-6
16	നാളികേര ഉത്പാദക ഫെഡറേഷനുകൾ വഴി തെങ്ങിൻ തൈ വിതരണം - പദ്ധതി രൂപീകരണം - അപാകതകൾ	3-7
17	പത്താംതരം തുല്യതാ പഠനം	3-8
18	ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	3-9
19	മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി അപാകതകൾ	3-10
20	അധിക യാത്രാപ്പടി - തുക തിരികെ ഈടാക്കേണ്ടതാണ്	3-11
21	കാർഷിക യന്ത്രം ഉപയുക്തമാക്കിയില്ല	3-12
22	മോണിറ്ററിംഗിന്റെ അഭാവം തുക വിനിയോഗിക്കാതെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ചത് സംബന്ധിച്ച്.	3-13
23	ധനവിനിയോഗ സാക്ഷ്യപത്രം/സാംഖ്യ രസീത് ഹാജരാക്കാത്തത്.	3-14
24	സയൻസ് പാർക്ക് മതിലുകെട്ടൽ -അപാകതകൾ-ചെലവ് തുക -8,10,112/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.	3-15
25	എടവിലങ്ങ് ഗ്രാമ പഞ്ചായത്ത്- കാര ഗ്രൗണ്ടിൽ ടോയ് ലറ്റ് കോപ്ലക്സിന്റെ നിർമ്മാണം-അപാകതകൾ - ചെലവ് -2,20,842/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.	3-16
26	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം 2014-15,2015-16 വർഷം-പൊതു അപാകതകൾ	3-17
	ഭാഗം 4	
27	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4.1

28	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4.2
29	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4.3
30	വായ്പ/ വായ്പ തിരിച്ചടവ്	4.4
31	സ്ഥിരനിക്ഷേപങ്ങൾ	4.5
32	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ	4.6
33	ഓഡിറ്റ് പ്രത്യവലോകനം	4.7
34	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4.8

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 22-2-14 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് 345986667 രൂപയും ചെലവ് 345511566 രൂപയും നീക്കിയിരിപ്പ് 475101 രൂപയും ആണ്.

2015-16 വർഷത്തെ ബജറ്റ് 24-3-15തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് 437858871 രൂപയും ചെലവ് 437348970 രൂപയും നീക്കിയിരിപ്പ് 509901രൂപയും ആണ്.

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2014-15	31.7.2015	31.07.15
2015-16	31.7.2016	28.7.16

1-3 സാമ്പത്തിക വിശകലനം

	2014-15	2015-16
മുന്നിരിപ്പ്	38965996	47098809
വരവ്	122054262	86516765
ആകെ	161020258	133615574
ചെലവ്	113921449	87749024

നീക്കിയിരിപ്പ്	47098809	45866550

1-4 ഫണ്ട് വിനിയോഗം

2014-2015

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	1262310	28798900	30061210	27567602	2493608	94.01
വികസനഫണ്ട് എസ്.സി.പി.	1813936	12867000	14680936	11102843	3578093	75.62
വികസനഫണ്ട് ടി.എസ്.പി.	8000	9000	17000	17000	0	100
സംരക്ഷണഗ്രാന്റ് നോൺറോഡ്	141014	2748000	2889014	2484120	404894	85.99
ജനറൽ പർപ്പസ് ഗ്രാന്റ്	4555732	2800000	7355732	3601095	3754637	49

2015-2016

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	2493608	25279745	27773353	27773353	0	100

വികസനഫണ്ട് എസ്.സി.പി.	3578093	8027637	11605730	11605730	0	100
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0	0
സംരക്ഷണഗ്രാന്റ് നോൺറോഡ്	404894	4247204	4652098	4652098	0	100
ജനറൽ പർപ്പസ് ഗ്രാന്റ്	3754637	3642729	7397366	4289068	3108298	42%

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2014-15	93	48148160	68	42334565	-	25	73
2015-16	100	52278595	71	41993181		29	71

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 ആഭ്യന്തര നിയന്ത്രണം.

1.ഇൻകൃബൻസി രജിസ്റ്റർ പരിപാലിക്കുന്നില്ല
2.വാടക രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല

രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	17.02.2016	2014-15	9.08.2016
അക്കൗണ്ടന്റ് ജനറൽ	23.09.16	2010 മുതൽ 2015 വരെ	13.10.16

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക കൃത്യമായി ഈടാക്കുന്നില്ല- വരുമാന നഷ്ടം

കെട്ടിടങ്ങളിൽ നിന്നും യഥാസമയം വാടക ഈടാക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തു കാണിക്കുന്ന അലംഭാവം ഗണ്യമായ വരുമാന നഷ്ടത്തിനിടയാക്കി.

വേക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിന്നും വാടക യഥാസമയം ഈടാക്കുന്നില്ല

വേക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന കടമുറികളുടെ കരാർ യഥാസമയം പുതുക്കുകയോ വാടക കുടിശ്ശിക ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	റൂം നമ്പർ	കരാറുകാരൻ	വാടക	കുടിശ്ശിക കാലയളവ്
1	V-530	സുശീല മുരളീധരൻ	2871	8/2015 മുതൽ
2	III-533	അഖില രമേഷ്	2373	10/2014 മുതൽ
3	IV-488	സന്ധ്യ ദിലീപൻ	2373	4/2013 മുതൽ

1.വാടക മുറികളുടെ കരാർ വർഷാവർഷം 10% വർദ്ധനവോടെ പുതുക്കേണ്ടതാണ്. എന്നാൽ കരാർ പുതുക്കുന്നതിനും വാടക കൃത്യമായി ഈടാക്കുന്നതിനും പഞ്ചായത്ത് യഥാസമയം നടപടി സ്വീകരിച്ചതായി കാണുന്നില്ല. സുശീല മുരളീധരന് 24.07.15 ന ശേഷമുള്ള കുടിശ്ശിക 34280/- അടവാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടി പ്രകാരം തുക വസൂലാക്കുന്നതാണ് എന്നറിയിച്ചുകൊണ്ട് 14.07.16, 2.02.2017 ന് നോട്ടീസ് നൽകിയെങ്കിലും ടിയാരി തുക അടവാക്കുകയോ കരാർ പുതുക്കുകയോ ചെയ്തിട്ടില്ല.

2.ശ്രീമതി. അഖില രമേഷിന് 3-ാം നമ്പർ ഷെഡിന്റെ 20.7.16 വരെയുള്ള കുടിശ്ശിക 93,648 രൂപ അടവാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടി പ്രകാരം തുക വസൂലാക്കുന്നതാണ് എന്നറിയിച്ചുകൊണ്ട് നോട്ടീസ് നൽകിയിരിയ്ക്കുന്നത് 23.07.16 ന് മാത്രമാണ്. തുടർന്ന് 2.02.2017ന് നോട്ടീസ് നൽകിയെങ്കിലും കരാറുകാരൻ തുക അടവാക്കുകയോ കരാർ പുതുക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് നിരീക്ഷണം

കരാർ വ്യവസ്ഥ പ്രകാരം തുടർച്ചയായി മൂന്ന് മാസം വാടക കുടിശ്ശിക വരുത്തിയാൽ വാടകക്കാരെ ഒഴിപ്പിക്കുന്നതിനും മുറി ഏറ്റെടുത്ത് യുക്താനുസരണം ഉപയോഗിക്കാനും പഞ്ചായത്തിന് അധികാരമുള്ളതാകുന്നു. റവന്യൂ റിക്കവറി നടപടി പ്രകാരം തുക വസൂലാക്കുന്നതാണ് എന്നറിയിച്ചുകൊണ്ട് നോട്ടീസ് നൽകിയിട്ടും ബ്ലോക്ക്പഞ്ചായത്ത് തുടർനടപടിയൊന്നും സ്വീകരിച്ചില്ല. വാടക വർഷാവർഷം 10% വർദ്ധനവോടെ പുതുക്കാതേയും വാടക/കുടിശ്ശിക അടവാക്കാതേയും ടി മുറികൾ നാളിതുവരെ

കരാറുകാർ കൈവശം വച്ച് പോരുന്നത് ബ്ലോക്ക്പഞ്ചായത്തിന്റെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തിരമായി നിയമാനുസൃത നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരവ് ഉറപ്പാക്കേണ്ടതുമാണ്.

3.വാടകയുമായി ബന്ധപ്പെട്ട് ശ്രീമതി. സന്ധ്യ ദിലീപൻ ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിച്ച പരാതിയിൻ മേൽ 17.01.2017 ൽ വിധി വന്നിട്ടുള്ളതും പരാതിയിൽ ബന്ധപ്പെട്ടവർക്ക് പറയാനുള്ളത് കേട്ടും അന്വേഷണം നടത്തി ബ്ലോക്ക് പഞ്ചായത്ത് നടപടി എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ശ്രീമതി. സന്ധ്യ ദിലീപനിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് വാടക ഇനത്തിൽ ഏകദേശം 2 ലക്ഷം രൂപയോളം ലഭിക്കാനുണ്ടെന്നും ഇതുവഴി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം വരുന്നതോടൊപ്പം പൊതുജനങ്ങൾക്ക് ഉപകാര പ്രദമായ കാര്യങ്ങൾ നടക്കാതെ വരുന്നുവെന്ന് പഞ്ചായത്ത് സെക്രട്ടറി ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതാണ്. മേൽ വിഷയത്തിൽ സത്വര നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

എസ്.ജി.എസ്.വൈ കെട്ടിടവാടക കുടിശ്ശിക

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മൂന്നുപീടിക എസ്.ജി.എസ്.വൈ കെട്ടിടത്തിലെ താഴെ പറയുന്ന മുറികളുടെ വാടക കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

റൂം നമ്പർ	കരാറുകാരൻ	വാടക കുടിശ്ശിക (31.3.16 വരെ)	കുറിപ്പ്
251	വൃന്ദ വിജയൻ	11900	
252	വൃന്ദ വിജയൻ	12900	
253	ഷീന ഉണ്ണികൃഷ്ണൻ	1500	മുറി ഒഴിഞ്ഞു
255	രാസില ഷിജു	17100	മുറി ഒഴിഞ്ഞു
256	ശോഭന സുധാകരൻ	3000	മുറി ഒഴിഞ്ഞു
259	സീതാദേവി തങ്കപ്പൻ	4000	

കരാർ വ്യവസ്ഥ പ്രകാരം തുടർച്ചയായി മൂന്ന് മാസം വാടക കുടിശ്ശിക വരുത്തിയാൽ വാടകക്കാരെ ഒഴിപ്പിക്കുന്നതിനും പഞ്ചായത്തിന് മുറി ഏറ്റെടുത്ത് യുക്താനുസരണം ഉപയോഗിക്കാനും അധികാരമുള്ളതാകുന്നു.

കരാർ ലംഘനം നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

1.ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ നിലവിലില്ല. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

2.വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. വാടക രജിസ്റ്ററിൽ വാടക ഡിമാന്റ് , കളക്ഷൻ (രസീതി നമ്പർ,തിയതി ഉൾപ്പെടെ), കുടിശ്ശിക എന്നിവ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്.

3.എറിയാട് എസ്.ജി.എസ്.വൈ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിന്റെ വിവരങ്ങൾ, കരാറുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2-2 ഗ്രാമപഞ്ചായത്തുകളിൽ നിന്നും സാംഖ്യ രസീതുകൾ ലഭ്യമാക്കണം.

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രോജക്ട് നം. 40/15പ്രകാരം 2014-15 വർഷത്തിൽ 8,99,570 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിവിധ ഗ്രാമപഞ്ചായത്തുകൾ തുക കൈപറ്റിയതിന്റെ സാംഖ്യ രസീതുകൾ ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതും സാംഖ്യ രസീതുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഭിന്ന ശേഷിക്കാർക്ക് ട്രൈ സ്കൂട്ടർ വാങ്ങി നൽകി- ഗുണഭോക്താക്കൾക്ക് നാളിതു വരെ ലൈസൻസ് ലഭിച്ചിട്ടില്ല.

13.12.14ലെ സ.ഉ.(സാ)737/12ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ പദ്ധതി നടപ്പാക്കാവുന്നതാണെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 36/16 പ്രകാരം 2015-16 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഏഴ് ഗ്രാമപഞ്ചായത്തുകളിലെ 21 ഗുണഭോക്താക്കൾക്കായി 67500 രൂപാ നിരക്കിൽ ഭിന്ന ശേഷിയുള്ളവർക്കായി ട്രൈ സ്കൂട്ടർ വാങ്ങി നൽകിയതിന് 14,17,500/- ചെലവഴിച്ചിട്ടുണ്ട്.

16.11.13 ലെ സ.ഉ(എം.എസ്)362/13ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 7.1 പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ മാത്രമേ ഏറ്റെടുക്കേണ്ടതുള്ളുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും വിഭിന്നമായി മേൽ പ്രകാരം ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നൽകിയ വാഹനങ്ങൾ സ്വന്തം പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതിനും ഗുണഭോക്താക്കൾ വാഹനം ലഭിച്ച് ആറു മാസത്തിനുള്ളിൽ വാഹനം ഓടിക്കുന്നതിന് ലൈസൻസ് എടുത്ത് ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ വാഹനം കൈപ്പറ്റിയ 21 ഗുണഭോക്താക്കൾക്കും നാളിതു വരെ ലൈസൻസ് ലഭിച്ചിട്ടില്ല. ഭിന്നശേഷിക്കാരായ മേൽ ഗുണഭോക്താക്കൾക്ക് ലൈസൻസ് അനുവദിക്കുന്നതിലുള്ള നിയമപരമായ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി ഇളവ് അനുവദിച്ചുകിട്ടാൻ 27.9.16ലെ കമ്മിറ്റിയുടെ 2/6 തീരുമാന പ്രകാരം സർക്കാരിലേക്ക് എഴുതാൻ തീരുമാനിച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടിയുണ്ടായിട്ടില്ല. വാഹനം ഓടിക്കുന്നതിന് ലൈസൻസ് ആവശ്യമായ 100 cc യിൽ കവിഞ്ഞ ശേഷിയുള്ള ഇരുചക്രമോട്ടോർ വാഹനം ലൈസൻസില്ലാത്ത ഗുണഭോക്താക്കൾക്ക് വാങ്ങി നൽകുന്നതിനും നിയമവിരുദ്ധമായി വാഹനങ്ങൾ ഉപയോഗിക്കാനും ഇടയായ സാഹചര്യങ്ങൾ പരിശോധിക്കേണ്ടതുമാണ്.

ഗുണഭോക്താക്കൾക്ക് വാഹനം നൽകുന്നതിന് ഒപ്പം ലൈസൻസ് കൂടി എടുത്തു നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കുകയോ അല്ലെങ്കിൽ ലൈസൻസ് ആവശ്യമില്ലാത്ത 50 cc യിൽ കുറഞ്ഞ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങി നൽകുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയോ ചെയ്തിരുന്നെങ്കിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ സാധിക്കുമായിരുന്നു. ഗുണഭോക്താക്കൾ നിയമവിരുദ്ധമായി വാഹനം ഓടിച്ച് അപകടത്തിൽപെടുന്ന പക്ഷം ബ്ലോക്ക് പഞ്ചായത്തിന് നിയമ നടപടികൾ നേരിടേണ്ട സാഹചര്യം ഉണ്ടായേക്കാം ആയതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി മുഴുവൻ ഗുണഭോക്താക്കൾക്കും അടിയന്തിരമായി ലൈസൻസ് ലഭ്യമാക്കുന്നതിനും അല്ലാത്ത പക്ഷം വാഹനം തിരികെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

3-2 ഐ.സി.ഡി.എസ് ഓഫീസിന് അടിസ്ഥാന സൗകര്യം ഒരുക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

2014-15 വർഷത്തിൽ SO 50/15 ഐ.സി.ഡി.എസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ പദ്ധതി പ്രകാരം മൂന്ന് വീതം കംപ്യൂട്ടറുകൾ, യു.പി.എസ്, പ്രിന്റർ എന്നിവ വാങ്ങിയതിന് തൃശ്ശൂർ കംപ്യൂട്ടർ സെന്റർ എന്ന സ്ഥാപനത്തിന് DD നം.989079/19.3.15 പ്രകാരം 108675 രൂപയും സ്റ്റീൽ മേശ, അലമാര, കസേരകൾ എന്നിവ വാങ്ങിയതിന് പവിത്ര ഏജൻസീസ് തൃശ്ശൂർ എന്ന സ്ഥാപനത്തിന് DD നം.989479/23.3.15 പ്രകാരം 41000 രൂപയും നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ കാണും പ്രകാരം അപാകതകളുണ്ട്.

എ. 17.12.14 ന് പത്ര പരസ്യം നൽകിയിരുന്നെങ്കിലും ടെണ്ടറുകൾ ലഭിക്കാതിരുന്നതിനാൽ റീ ടെണ്ടർ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ റീ ടെണ്ടർ നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. അതേ സമയം ടെണ്ടറിൽ പങ്കെടുത്ത അഞ്ച് സ്ഥാപനങ്ങൾക്ക് ടെണ്ടർ ഫോറം നൽകിയതിന് ടി.ആർ.5 രസീതുപയോഗിച്ച് പണം പിരിച്ചതിനാൽ ടി തുക 2100/- രൂപ (420x5=2100/-) സർക്കാർ ട്രഷറിയിൽ അടവാക്കുകയുണ്ടായി. ഇതു മൂലം ബ്ലോക്ക് പഞ്ചായത്തിന് തനതു വരുമാനമായി ലഭിക്കേണ്ട തുക നഷ്ടമായിട്ടുണ്ട്.

ബി. കംപ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് മൂന്നു ടെണ്ടറുകൾ ലഭിച്ചതായും ഈ മൂന്നു സ്ഥാപനങ്ങൾ നൽകിയ ഡിമാന്റ് ഡ്രാഫ്ടുകൾ പണമാക്കാതെ ഫയലിൽ സൂക്ഷിച്ചതായും കാണുന്നു. ബ്ലോക്ക് പഞ്ചായത്തിന് നൽകിയ ഡിമാന്റ് ഡ്രാഫ്ടുകൾ യഥാ സമയം പണമാക്കാതിരുന്നതിനാലും ഡി.ഡി എടുത്ത് മൂന്നു മാസങ്ങൾക്കു ശേഷം ഇവ റീ വാലിഡേറ്റ് ചെയ്യാതിരുന്നതിനാലും ടി തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ വരവു വെക്കുന്നതിന് സാധിച്ചിട്ടില്ല. മാത്രമല്ല ടെണ്ടർ ഉറപ്പിച്ചു നൽകിയ തൃശ്ശൂർ കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനം 26.6.15 ന് നൽകിയ കത്തു പ്രകാരം ഇ.എം.ഡി./സ്ഥിര നിക്ഷേപമായി നൽകിയ 10,000 രൂപ തിരികെ നൽകാനാവശ്യപ്പെട്ടിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച മൂന്നു സ്ഥാപനങ്ങൾ 1500 രൂപ വീതം നൽകിയ മൂന്നു ഡി.ഡി.കളും 5500 രൂപയുടെ ഡി.ഡി.യുമാണ് ഫയലിലുള്ളത്. ഡി.ഡി പണമാക്കാത്തതുമൂലം കൈവശം വച്ചിരുന്ന കാലയളവിൽ ലഭിക്കുമായിരുന്ന ബാങ്ക് നിരക്കിലുള്ള പലിശ കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതിൽ ടെണ്ടർ ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് ഇ.എം.ഡി. തിരികെ നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇതിൽ നിന്നും ഒരേ സ്ഥാപനം തന്നെയാണ് മൂന്നു ടെണ്ടറുകൾ സമർപ്പിച്ചതെന്നു കാണാം. വിതരണം ചെയ്ത കംപ്യൂട്ടറുകൾക്ക് ഐ.കെ.എം. നിർദ്ദേശിച്ച അഞ്ചു വർഷ വാറന്റി ഉറപ്പാക്കുന്ന രീതിയിൽ കരാർ ചമക്കുകയോ, ഐ.കെ.എം നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ ഉണ്ടെന്ന് ടെക്നിക്കൽ അതോറിറ്റി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കംപ്യൂട്ടറിന്റെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 3/17.04.2017).

സി. ഫർണീച്ചറുകൾ വിതരണം ചെയ്യുന്നതിന് ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ തന്നെ വിതരണം ചെയ്യുന്ന ഉപകരണങ്ങളുടെ അളവ്, കനം, തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ലഭിച്ച ഉപകരണങ്ങൾക്ക് രേഖപ്പെടുത്തിയിട്ടുള്ള നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ സിഡ്കോയിൽ നിന്നും ടെണ്ടർ നടപടി കൂടാതെ വാങ്ങാമെന്നിരിക്കെ കൂടിയ നിരക്കിൽ ലഭിച്ച ഏക ടെണ്ടർ അംഗീകരിക്കാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കേണ്ടതാണ്.

3-3 ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ

ബിൽ നം. 1/14-15 - 15,00,000/- തീയതി 13.03.15
ബിൽ നം. 3/14-15 - 10,67,000/- തീയതി 31.03.15
ആകെ 25,67,000
ബിൽ നം.4/14-15 - 1,51,000 തീയതി 27.3.15

പ്രോജക്ട് നം. 16/15 വനിതാ ഗ്രൂപ്പുകൾക്ക് ഗോദാനം പദ്ധതി, പ്രോജക്ട് നം. 39/15 എസ്.സി. വിഭാഗത്തിൽ പെട്ട വനിതാ ഗ്രൂപ്പുകൾക്ക് ഗോദാനം പദ്ധതി എന്നിവയ്ക്കായി 2014-15 വർഷത്തിൽ 2567000, 151000 എന്നിങ്ങനെ തുക ചെലവഴിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിലുൾപ്പെടുത്തി 17 ഗ്രൂപ്പുകൾക്കും, എസ്.സി. വിഭാഗത്തിലുൾപ്പെടുത്തി ഒരു ഗ്രൂപ്പിനും 150000 രൂപ വീതവും പരിശീലനത്തിന് 1000 രൂപ വീതവും നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുമായി തദ്ദേശ സ്ഥാപനം ഉണ്ടാക്കിയ കരാർ, തുക കൈപറ്റിയതിന്റെ രസീതി, ഗുണഭോക്താക്കൾ നേരിട്ട് കാലികളെ വാങ്ങിയതിന്റെ വൗച്ചറുകൾ, ഇൻഷൂറൻസ് ചെയ്തതിന്റെ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രൂപ്പ് സംരംഭമായി പദ്ധതി നടപ്പാക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.എന്നാൽ വിവിധ ഗ്രൂപ്പുകളുടെ പേരിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 16.11.13 ലെ സ.ഉ.(എം.എസ്)362/13 ഉത്തരവ് ഖണ്ഡിക 3.2 പ്രകാരം ഗ്രൂപ്പ് സംരംഭങ്ങൾ നിർബന്ധമായും വായ്പാ ബന്ധിതമായി നടപ്പാക്കുന്നതിനും ബാക്ക്എൻഡ് സബ്സിഡിയായി തുക ബാങ്കുകൾക്ക് നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ വായ്പാ ബന്ധിതമായി പ്രോജക്ട് നടപ്പാക്കി കാണുന്നില്ല.

2. ഗ്രൂപ്പുകൾ യൂണിറ്റ് തലത്തിൽ വരവു ചെലവു കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

3. പർച്ചേയ്സ് നടപടി ക്രമം പാലിച്ച് ഗുണഭോക്താക്കളുടെ ഏഴ പേരടങ്ങുന്ന സമിതി വാങ്ങൽ നടത്തിയിട്ടില്ല. മൃഗങ്ങളുടെ സ്പെസിഫിക്കേഷൻ, വില എന്നിവ മൃഗ സംരക്ഷണ വകുപ്പ് നിശ്ചയിച്ച് നൽകിയിട്ടില്ല.

4. സ്വയം സഹായസംഘങ്ങളെ പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ടെങ്കിലും സംഘത്തിലുൾപ്പെട്ട ഗുണഭോക്താക്കളെ ഗ്രാമ സഭ അംഗീകരിച്ച കാണുന്നില്ല. മാത്രമല്ല ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ മേൽ സംഘത്തിലുൾപ്പെട്ടവരാണെന്നത് സംബന്ധിച്ച രേഖകൾ, സംഘങ്ങൾ ഏതെങ്കിലും തരത്തിൽ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകളോ, സംഘങ്ങളെ ഗ്രേഡിംഗ് നടത്തിയതിന്റെ രേഖകളോ ലഭ്യമല്ല.

5. പതിനൊന്നാം പദ്ധതിയിൽ ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളെ ആനുകൂല്യം നൽകുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കൾ വാർഷിക വരുമാനം 50000 രൂപയിൽ

കുറഞ്ഞവരായിരിക്കണമെന്നിരിക്കെ വരുമാന പരിധി പരിശോധിക്കാതെയും ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെയും സബ്സിഡി നൽകി കാണുന്നു. ഉദാ: പെരിഞ്ഞനം ക്ഷീരസംഘം ലിമിറ്റഡ് നം. ആർ 158(D)APCOS ലുള്ള സരിത ജോസ് എന്ന ഗുണഭോക്താവിന് നാല് ഏക്കർ ഭൂമിയുള്ളതായും നിലവിൽ 9 കാലികൾ ഉള്ളതായും അപേക്ഷാ ഫോറത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കിയിട്ടില്ല.

6. ക്ഷീര സംഘങ്ങളിൽ നിലവിൽ അംഗങ്ങളായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നതിനാലും പ്രൊക്യർമെന്റ് കമ്മിറ്റി രൂപീകരിച്ച് വാങ്ങൽ നടത്താതെ ഗുണഭോക്താക്കൾ നേരിട്ട് കാലികളെ വാങ്ങിയതായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതിനാലും നിലവിൽ ഗുണഭോക്താക്കൾക്കുണ്ടായിരുന്ന കാലികളെ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ലാത്തതിനാലും നിലവിലെ കാലികളെ ഉപയോഗിച്ച് ഗുണഭോക്താക്കൾ ആനുകൂല്യം കൈപറ്റിയിട്ടുണ്ടോയെന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കാൻ പാടില്ലായെന്നിരിക്കെ ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-4 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികൾ– പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും അംഗീകൃത ഗുണഭോക്തൃലിസ്റ്റുകൾ ലഭിക്കാത്തതു മൂലം പത്രപരസ്യം, ലോക്കൽ ചാനൽ മുഖേനയുള്ള പരസ്യം വഴി നേരിട്ട് ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് കാണുന്നു. ഗ്രാമസഭകൾ വഴി ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അംഗീകരിച്ച് നൽകുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനു പകരമായി ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകുന്നത് നിലവിലെ പദ്ധതി രേഖാ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ജന പ്രതിനിധികൾ ഉൾപ്പെട്ട ബ്ലോക്ക് തല ഗ്രാമസഭകൾ, വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവർ ചേർന്ന് ആവിഷ്കരിച്ച് അംഗീകരിച്ച് നടപ്പാക്കുന്ന വിവിധ പ്രോജക്ടുകൾക്ക് ഗ്രാമ സഭകളിൽ നിന്നും ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാതെ വരുന്നതിന്റെ കാരണം പരിശോധിക്കേണ്ടതാണ്. സമയബന്ധിതമായി ഗുണഭോക്തൃ ലിസ്റ്റുകൾ ലഭിക്കാത്തതു മൂലം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നടപ്പാക്കാൻ നിർവ്വഹണഉദ്യോഗസ്ഥന് സാധിക്കാത്തതിനാൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കുന്നില്ല. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാക്കുന്ന വാർഷിക പദ്ധതികളെ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുകയും ഗ്രാമസഭായോഗങ്ങളിൽ ഇക്കാര്യം കൂടി ചർച്ചചെയത് അംഗീകരിച്ച ലിസ്റ്റുകൾ ലഭ്യമാക്കി സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

3-5 ബ്ലോക്ക് പഞ്ചായത്ത് കോംപൗണ്ടിൽ സൗരോർജ്ജ പാനൽ സജ്ജീകരിക്കൽ–അപാകതകൾ.

സെക്രട്ടറി നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതി നം. 72/15 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ സൗരോർജ്ജപാനൽ സജ്ജീകരിക്കുന്നതിനായി ബിൽ നം.6/14-15 /22.8.14പ്രകാരം

95,000/- രൂപ പിൻവലിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ അനർട്ട് മുഖേന നടപ്പാക്കിയ പദ്ധതിക്കായി 10.45ലക്ഷം രൂപ ഡെപോസിറ്റ് ചെയ്ത് പദ്ധതി നടപ്പാക്കിയിരുന്നു. ഇതിൽ തനതുഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയ 95,000/-രൂപ തിരികെ നിക്ഷേപിക്കുന്നതിനു വേണ്ടിയാണ് മേൽപ്രകാരം തുക പിൻവലിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ കാണും പ്രകാരം അപാകതകളുണ്ട്.

15.1.14ലെ No.10/spv/ANERT(tsr)/2013കത്ത് ക്രമനം.8 പ്രകാരം സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് 30% കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാകുമെന്നും ഇത് നേടിയെടുക്കുന്നതിന് അനർട്ടിന്റെ സഹായമുണ്ടാകുമെന്നും, സ്ഥാപിക്കാനുദ്ദേശിക്കുന്ന 5 KW യൂണിറ്റിൽ നിന്നും പ്രതിദിനം 15 യൂണിറ്റ് വൈദ്യുതി ലഭ്യമാകുമെന്നും അനർട്ട് വ്യക്തമാക്കിയിരുന്നു എന്നാൽ നാളിതു വരെ സബ്സിഡി ലഭ്യമാക്കിയിട്ടില്ല.

17.3.14 ന് സ്ഥാപനവുമായി അനർട്ട് ഏർപ്പെട്ട കരാറിലെ വ്യവസ്ഥ 4 പ്രകാരം ആറുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചു നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാർ ചമക്കുന്നതിനു മുൻപായി 6.3.14,7.3.14 തിയതികളിലായി 10.45 ലക്ഷം രൂപ കൈപറ്റിയ അനർട്ട് 30.3.15 നാണ് ഇൻസ്റ്റാലേഷൻ പൂർത്തീകരിച്ചത്. 5 KW പ്ലാന്റിൽ നിന്നും പ്രതിദിനം 15 യൂണിറ്റ് നിരക്കിൽ വൈദ്യുതി ലഭിക്കുമെന്നിരിക്കെ വൈകിയ കാലയളവായ ആറുമാസത്തേക്ക് 15x30x6=2700യൂണിറ്റ് വൈദ്യുതിയുടെ നഷ്ടം സ്ഥാപനത്തിനുണ്ടായിട്ടുണ്ട്. എന്നാൽ പ്ലാന്റ് സ്ഥാപിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന് പിഴ ചുമത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തിയിരുന്നില്ല. മാത്രമല്ല കരാറിലേർപ്പെടുന്നതിനു മുൻപായി തുക അനർട്ടിനു നൽകുകയും ചെയ്തിട്ടുണ്ട്.

കരാർ വ്യവസ്ഥ 13 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് 15 ദിവസങ്ങൾക്കു ശേഷം പ്ലാന്റ് ഗുണഭോക്താവിനു കൈമാറുന്നതാണെന്നും ടെണ്ടർ നടപടി പൂർത്തിയാക്കി പവർപ്ലാന്റ് സ്ഥാപിക്കുമ്പോൾ തുക കുറയുകയാണെങ്കിൽ പദ്ധതിക്ക് ചെലവായ തുകയും അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജായ 10% തുകയും ഇതുമായി ബന്ധപ്പെട്ട ചെലവുകൾ ഉണ്ടെങ്കിൽ അതും കഴിച്ച് ബാക്കി തുക ഗുണഭോക്താവിന് നൽകുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തി അനർട്ട് 6,90,000/- രൂപക്ക് ടെണ്ടർ ചെയ്യുകയും കൈപറ്റിയ 10.45 ലക്ഷം രൂപയിൽ യഥാർത്ഥ ചെലവു തുകയും അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജായി 95,000/- രൂപയും കഴിച്ച് 2,60,000/- രൂപ ചെക്ക് നം.841426/22.4.16 പ്രകാരം ബ്ലോക്ക് പഞ്ചായത്തിനു നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ കരാർ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജായി 10% തുകയായ 69,000/- രൂപ കുറവ് ചെയ്ത് 2,86,000/- രൂപ ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടതായിരുന്നുവെങ്കിലും 26,000/- രൂപ കുറവാണ് നൽകിയിട്ടുള്ളത്. ടി തുക തിരികെ അനർട്ടിൽ നിന്നും ഈടാക്കിയിട്ടില്ല. അനർട്ട് തിരികെ നൽകിയ 2,60,000/- രൂപ 31.5.15ലെ കമ്മിറ്റി തീരുമാനം നം. 5/3 പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കിയിട്ടുണ്ട്.അനർട്ടിൽ നിന്നും ലഭിക്കാനുള്ള 26,000/-രൂപയും പ്ലാന്റ് സ്ഥാപിച്ചതിന്റെ 30% സബ്സിഡി തുകയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പ്ലാന്റ് സ്ഥാപിച്ചതിനു ശേഷം വൈദ്യുതി ബിൽ തുകയിൽ കുറവുണ്ടായിട്ടുണ്ട്. എങ്കിലും അനർട്ട് സൂചിപ്പിച്ചിരുന്ന അളവിൽ വൈദ്യുതി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് ഉറപ്പാക്കേണ്ടതും പ്ലാന്റിന്റെ ശേഷി സംബന്ധിച്ച സാങ്കേതിക പരിശോധന നടത്തേണ്ടതും തുടർ പ്രവർത്തനത്തിൽ കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതുമാണ്.

3-6 ഐ.എ.വൈ. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

മതിലകം ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ. പദ്ധതിയിലുൾപ്പെടുത്തി വിവിധ വർഷങ്ങളിലായി നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതികളിലെ മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 2009-10 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണം ആരംഭിച്ച പദ്ധതികളിൽ പൂർത്തീകരിക്കാത്ത വീടുകളുടെ നിലവിലെ സ്ഥിതി വിവരം താഴെ ചേർക്കുന്നു.

വർഷം	ധനസഹായ തുക		ആകെ ഗുണഭോക്താക്കളുടെ എണ്ണം	ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ എണ്ണം	*പൂർത്തീകരിക്കാത്ത വീടുകളുടെ നിലവിലെ സ്ഥിതി(പൂർത്തീകരിച്ച ഘട്ടങ്ങൾ)	എണ്ണം
	ജനറൽ	പട്ടിക ജാതി				
2009-10	75,000	1,00,000		1	Lintel	1
2012-13	200000	200000		1	Lintel	1
2013-14	200000	200000		6	Basement Lintel വാർക്ക	2 3 1
2014-15	200000	300000	186	10	Not started Basement Lintel	2 3 5
2015-16	200000	300000	258	16	ആരംഭിച്ചില്ല Basement Lintel വാർക്ക	8 2 3 3

*(ഗുണഭോക്താക്കളുടെ വിവരങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണ്.)

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നിലച്ച അവസ്ഥയിലാണ്. ഗുണഭോക്താക്കളുമായി ചമച്ച കരാർ പ്രകാരം ഭവന നിർമ്മാണം പൂർത്തികരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും റവന്യൂ റിക്കവറി വഴി തുക തിരിച്ചു പിടിക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്.

ഐ.എ.വൈ പദ്ധതിയിൽ 2011-12 മുതൽ ധന സഹായ തുക 2,00,000 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന വിഹിതം 50,000 രൂപയും, കേന്ദ്രവിഹിതം 70,000 രൂപയും ബാക്കി 80,000 രൂപ 40%/35%/25% അനുപാതത്തിൽ ബ്ലോക്ക് / ജില്ലാ / ഗ്രാമപഞ്ചായത്ത് വിഹിതവുമാണ്. 2015-16 മുതൽ എസ്.സി. വിഭാഗത്തിൽപെട്ടവർക്ക് അധിക ധനസഹായമായി 1,00,000 രൂപ നൽകുന്നതിനും ടി തുക പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമാക്കണമെന്നും ടി തുക ലഭിക്കാത്ത പക്ഷം തദ്ദേശ ഭരണസ്ഥാപനങ്ങൾ ഇതിനാവശ്യമായ തുക വകയിരുത്തുന്നതിനും 7.10.16 ലെ സ.ഉ(സാ)2850/2016/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. സംസ്ഥാന വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് സഹകരണബാങ്കിൽ നിന്നും 2015-16 ൽ 29.65 ലക്ഷം ലോൺ എടുത്ത് വിവിധ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. 31.3.17 വരെ 11.25 % നിരക്കിൽ 10,12,503 രൂപ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഇതിൽ 2,21,104 രൂപ സർക്കാർ വിഹിതം കൂടിബ്ലോക്ക് പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. വിവിധ വർഷങ്ങളിലായി നാളിതുവരെ 28,54,471 രൂപ തിരിച്ചടച്ചിട്ടുണ്ട്. ബാക്കി 3,98,267/- രൂപ കൂടി ബ്ലോക്ക് പഞ്ചായത്ത് അടവാക്കണം. മാത്രമല്ല സർക്കാർ നൽകാമെന്നേറ്റ 11.25% പലിശ ലഭ്യമാക്കി ബാങ്കിനു നൽകിയാൽ മാത്രമേ ഇതു സംബന്ധിച്ച ബാധ്യതകൾ അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ.

2016-17 മുതൽ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി നേരിട്ട് ആനുകൂല്യം നൽകുന്നDBT

സംവിധാനം ഏർപ്പെടുത്തുന്നതിനാൽ കേന്ദ്ര വിഹിതമായി വിവിധ വർഷങ്ങളിൽ ലഭിച്ച തുകയിൽ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന 1,48,92,777രൂപയും അഡ്മിനിസ്ട്രേഷൻ ഫണ്ടായി ലഭിച്ച 4,42,472 രൂപയും തിരികെ ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പട്ടികജാതിയിൽപെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി നിർദ്ദേശിച്ച അധിക ധനസഹായം നാളിതു വരെ ടി വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധിക സഹായമായി നൽകുന്നതിന് നിർദ്ദേശിച്ച തുകയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം 2015-16 വർഷം മുതൽ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ജില്ലാ, ഗ്രാമ പഞ്ചായത്തുകളുടെ അധിക വിഹിതം ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ഇനിയും ലഭിക്കുവാനുണ്ട്. വിവിധ വർഷങ്ങളിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 3,04,54,019/- രൂപ പ്ലാൻ അക്കൗണ്ടിൽ 3.4.17ന് നീക്കിയിരുപ്പുണ്ട്. ഇതിൽ 2016-17 വർഷത്തെ ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക കൂടി ഉൾപ്പെടുന്നു.

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് മേൽ പ്രകാരം നീക്കിയിരുപ്പുള്ള തുക പര്യാപ്തമല്ല. കേന്ദ്ര വിഹിതമായി ലഭിച്ച തുക ഗ്രാമ വികസന കമ്മീഷണറുടെ അക്കൗണ്ടിൽ തിരികെ അടവാക്കിയിട്ടുണ്ടെങ്കിലും 2011-12 മുതലുള്ള ഗുണഭോക്താക്കളുടെ Online registration (Management Information System വഴി)നടത്തിയിട്ടുള്ളതിനാൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് DBT (Direct Benefit Transfer)വഴി ഗുണഭോക്താവിന് നേരിട്ട് ലഭിക്കും. എന്നാൽ Online registration നടത്താത്ത 2009-10ലെ ഗുണഭോക്താക്കൾക്ക് മുൻപ് വകയിരുത്തിയതിനേക്കാൾ അധികമായി (നിലവിലെ നിരക്ക് പ്രകാരം) നൽകേണ്ടി വരുന്ന തുകയും, ഭവന പൂർത്തീകരണ പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് ഒഴികെയുള്ള മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ആനുപാതികമായി ലഭിക്കേണ്ട തുകയും, സംസ്ഥാന വിഹിതവും ലഭിക്കുന്നതു സംബന്ധിച്ച് ആശങ്ക/അവ്യക്തത നിലനിൽക്കുന്നുണ്ട്.

നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം നൽകുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ സ.ഉ.(ആർ.ടി)497/2011/ത.സ്വ.ഭ.വ തിയതി.17.2.11 പ്രകാരം സർക്കാരിന്റെ വിവിധ ഏജൻസികളോ, വകുപ്പുകളോ നടപ്പാക്കിയ പദ്ധതി പ്രകാരം ഭാഗികമായി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ പൂർത്തിയായ ഘട്ടങ്ങളുടെ അളവ് രേഖപ്പെടുത്തി പൂർത്തീകരിക്കാനുള്ള ഘട്ടങ്ങളുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ തയ്യാറാക്കിയ ശേഷം ഐ.എ.വൈ. വിഹിതത്തിന് ഉപരിയായി നൽകേണ്ട അധിക വിഹിതം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നിലവിലുള്ള അനുപാതത്തിൽ വകയിരുത്തുന്നതിനും പുതിയ വീട് നിർമ്മാണത്തിന് അനുവദനീയമായ ധനസഹായതുകയിൽ നിന്ന് മുൻപ് നൽകിയ തുക കുറവ് ചെയ്തതിന് ശേഷമുള്ള ബാക്കി തുക പൂർത്തീകരണത്തിന് നൽകാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ സ.ഉ.(എം.എസ്)4/2016 തിയതി.11.1.16 ഖണ്ഡിക 9 (v) പ്രകാരം ഐ.എ.വൈ അധിക വിഹിതം നൽകുന്നതിനുള്ള തുക നിർബന്ധമായും വകയിരുത്തുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ സമ്പൂർണ്ണ ഭവന നിർമ്മാണം എന്ന അടിസ്ഥാന ലക്ഷ്യം കൈവരിക്കുന്നതിന് ഊന്നൽ നൽകി പദ്ധതി പൂർത്തീകരിക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. നിലവിൽ പൂർത്തിയായ ഘട്ടങ്ങളുടെ വാല്യുവേഷൻ നടത്തണം, പൂർത്തീകരിക്കേണ്ട ഘട്ടങ്ങളുടെ നിലവിലെ നിരക്കു പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കണം.

2. സംയുക്ത പ്രോജക്ട് എന്ന നിലയിൽ മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും തുക ലഭിക്കുന്നതിനായി സ്പിൽ ഓവറായി പ്രോജക്ട് തയ്യാറാക്കുന്നതിനും ആവശ്യമായ തുക

വകയിരുത്തുന്നതിനുമായി ഈ വിഷയം സ.ഉ.(എം.എസ്) നം. 4/16 തിയതി.11.1.16 ഖണ്ഡിക11.11.1എ യിൽ നിർദ്ദേശിക്കുന്ന രീതിയിൽ പ്രത്യേക യോഗം ചേർന്ന് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

3. സംസ്ഥാന വിഹിതം ലഭിക്കുന്നതിനായി ആവശ്യമായ സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കുകയും സംസ്ഥാന സർക്കാരിൽ നിന്നും തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

4. മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും തുക ലഭ്യമാകുന്നില്ലായെങ്കിൽ ടി വിഹിതം കൂടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വകയിരുത്തുന്നതിന് സർക്കാരിന്റേയോ/കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

5. പട്ടികജാതിയിൽപെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി നിർദ്ദേശിച്ച അധിക ധനസഹായം പട്ടികജാതി പട്ടിക വർഗ്ഗ വികസനവകുപ്പിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

6. ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നത് ഉറപ്പു വരുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ കരാറിലുൾപ്പെടുത്തണം.

7. പദ്ധതിയുടെ സമയബന്ധിതമായ മോണിറ്ററിംഗ് ഉറപ്പു വരുത്തണം.

3-7 നാളികേര ഉത്പാദക ഫെഡറേഷനുകൾ വഴി തെങ്ങിൻ തൈ വിതരണം - പദ്ധതി രൂപീകരണം - അപാകതകൾ

പ്രോജക്ട് നമ്പർ : S0002/15

അടങ്കൽ : 1201800

തുക : 901350

നിർവ്വഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് ഡയറക്ടർ കൃഷി

ബിൽ നമ്പർ	തുക	തിയതി
1/14-15	151800	28.10.14
5/14-15	150000	30.12.14
4/14-15	156300	27.11.14
6/14-15	443250	26.2.15

പ്രോജക്ട് നമ്പർ : S0031/16

അടങ്കൽ : 1168750

തുക : 160125

ബിൽ നമ്പർ : 4/15-16/31.3.16

നിർവ്വഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് ഡയറക്ടർ കൃഷി

മതിലകം ബ്ലോക്കിലെ ഓരോ ഗ്രാമപഞ്ചായത്തുകളിലേയും നാളികേര ഉല്പാദക ഫെഡറേഷനുകൾ , കുറിയ ഇനം തെങ്ങിൻ തൈകൾ നാളികേര വികസന ബോർഡിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം നടത്തുകയും കൃഷി ഓഫീസറുടെ വിതരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ

നാളികേര ഉല്പാദക ഫെഡറേഷനുകൾക്ക് 75 % സബ്സിഡി നൽകുകയും ചെയ്യുന്ന പ്രോജക്ടാണിത്.

തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 30.03.12 ലെ 18239/ഡി.എ1/11/ത.സ്വ.ഭ.വ കത്ത് പ്രകാരം നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നാളികേരവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നാളികേര ഉല്പാദക ഫെഡറേഷനുകളെ പദ്ധതി ഗ്രൂപ്പാക്കി നിശ്ചയിച്ചു. സബ്സിഡി മാനദണ്ഡം (ജി.ഒ(എം.എസ്)362/2013/16.11.2013) 3.1 കൃഷി ഇനം 4 പ്രകാരമുള്ള നിർദ്ദേശം അനുസരിച്ച് നാളികേര ഉല്പാദക ഫെഡറേഷനുകൾക്ക് 75 % സബ്സിഡി അവരുടെ അക്കൗണ്ടിൽ നൽകി.

വ്യക്തികൾക്ക് വിതരണം നടത്തിയതായി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിതരണ സ്റ്റേറ്റുമെന്റിന്റെ അടിസ്ഥാനത്തിൽ വ്യക്തികളുടെ സ്വന്തം കൃഷിയിടത്തിലേയ്ക്ക് തെങ്ങിൻ തൈവിതരണം ചെയ്യപ്പെട്ടതായി കാണുന്നു. വ്യക്തിഗത ആനുകൂല്യം എന്നതിലുപരി ഗ്രൂപ്പ് തലത്തിലുള്ള പ്രയോജനം പദ്ധതി കൈവരിച്ചോ എന്ന് ഉറപ്പാക്കാനായില്ല. പദ്ധതിയുടെ തുടർ മോണിറ്ററിംഗ് പദ്ധതിയിൽ വിഭാവനം ചെയ്യുകയോ മോണിറ്ററിംഗ് നടത്തുകയോ ചെയ്തില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായതും മേഖല ചുമതലയിൽ പെടുന്നതും മാർഗരേഖ / സർക്കാർ അനുവദിയ്ക്കുന്നതുമായ പദ്ധതികൾ ഫലപ്രദമായി ആവിഷ്കരിച്ചു നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-8 പത്താംതരം തുല്യതാ പഠനം

എ) രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് :S0018/15-16 ,പത്താംതരം തുല്യതാ പഠിതാക്കളുടെ പരീക്ഷാഫീസും വികസന വിദ്യാകേന്ദ്രത്തിനു പ്രവർത്തന വിഹിതവും

തുക :88500

ബിൽ നമ്പർ / തിയതി :31/15-16/16.3.16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പത്താംതരം തുല്യതാ പഠിതാക്കൾക്ക് കോഴ്സ്ഫീ, പരീക്ഷാഫീ എന്നീഇനത്തിന് മേൽ പദ്ധതി പ്രകാരം 59 വിദ്യാർത്ഥികൾക്ക് 1500 രൂപ വീതം 88500 രൂപ സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾ പരീക്ഷയെഴുതി എന്നു തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ 46500/-രൂപ തടസ്സപ്പെടുത്തുന്നു.

1. ദീനാബി കെ.എ

2. രേണുക കെ.എസ്

3. നിസാർ പി.എ

4. ആമിന പി.കെ

5. വിജീഷ് പി.വി

6. സുബിത പി.വി

7. മനാഫ് വി.എം

8. രാഹുൽ എ.എസ്

9. ആഷിക് കെ.എ

10. ആഷിക് എ.എ

11. ഷാജിത ഷംസുദ്ദീൻ

12. ഡെയ്സൺ സി.ജെ

13. ആഷില പി.എ

14. ഉണ്ണികൃഷ്ണൻ എ.യു

15. സലീൽ എ.ഐ

16. സുഭാഷിണി ബി.പി

17. സുമി പി.ജി

18. നസീർ വി.എ

19. റഫീക്ക് എം.ആർ

20. സുബിമോൾ എ.എസ്

21. ഷിനിത ടി.എൻ

22. സിമി സി.എസ്

23. ഷെമീന വി.ബി

24. ഐശ്വ പി.എം

25. റിയാസ് കെ.ആർ

26. ജാസ്മിൻ എ.എം

27. റിയാസ് പി.എ

28. അനീസ് എം.കെ

29. സീനത്ത് പി.എം

30. ഷെഫീക്ക് സി.ഐ

31. റിനീഷ് പി.എ

ബി) പ്രോജക്ട് ലക്ഷ്യം നേടിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15ൽ നടപ്പാക്കിയ SO 19/15പദ്ധതി പ്രകാരം പത്താം തരം തുല്യതാ നേടുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 58 ഗുണഭോക്താക്കൾക്ക് പരീക്ഷാ ഫീസിനത്തിൽ 87000 രൂപ (58x1500=87000) ബിൽ നം.24/14-15 തിയതി 28.12.14പ്രകാരം പിൻവലിച്ച് ഡി.ഡി.നം. 985915/29.12.14 ആയി സാക്ഷരതാ മിഷൻ പ്രോജക്ട് കോ-ഓർഡിനേറ്റർ, തൃശ്ശൂർ ന് നൽകിയിട്ടുണ്ട്. (11.11.14ലെ കമ്മിറ്റി 957ാം നമ്പറായി 59 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്). എന്നാൽ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ പത്താംതരം തുല്യതാ പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട്

കോ-ഓർഡിനേറ്റർ തുക കൈപറ്റിയതിന്റെ രസീതി, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച മോണിറ്ററിംഗ് നടത്തി കാണുന്നില്ല. ഇക്കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-9 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് :S0055/15-16 , സ്വാന്തന പരിചരണം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

തുക :350000

ബിൽ നമ്പർ / തിയതി :19/15-16/31.12.15

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കിയ സ്വാന്തന പരിചരണം പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് മേൽ പദ്ധതി പ്രകാരം യഥാക്രമം 200000/-, 150000/- രൂപ പെരിഞ്ഞനം, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

3-10 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി അപാകതകൾ

1)പ്രൊജക്ട്: S0039/15-16
ബിൽ നമ്പർ / തിയതി :4/15-16/18.12.15
തുക :94087

മേൽ പദ്ധതി പ്രകാരം മാടവന പി.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 94087/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള ബില്ല്, കൈപ്പറ്റ് രസീതി എന്നിവ ലഭ്യമാക്കിയിട്ടില്ല.ചെലവു രേഖകളുടെ അഭാവത്തിൽ 94087/- രൂപ തടസ്സപ്പെടുത്തുന്നു.

2)പ്രൊജക്ട്: S0040/15-16
ബിൽ നമ്പർ / തിയതി : 7/15-16/16.3.16
തുക: 143626

പെരിഞ്ഞനം സി.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച മേൽ തുകയിൽ 28636 രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള പർച്ചേസ് ബില്ല്, കൈപ്പറ്റ് രശീതി, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ 28636/- രൂപ തടസ്സപ്പെടുത്തുന്നു.

3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പാലിക്കാതെയും താഴെപറയുന്ന അപാകതകളുടെ അടിസ്ഥാനത്തിലും 2014-15 ൽ ചെലവഴിച്ച 1,13,800/- രൂപയും 2015-16 ൽ ചെലവഴിച്ച 2,10,000/-രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2014-2015

പ്രൊജക്ട്	ബിൽ നമ്പർ / തിയതി	തുക	അപാകതകൾ
S0035/14-15 മാടവന പി.എച്ച്.സി IEC പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ	5/14-15 /22.11.14	89200	1കെൽട്രോണിൽ നിന്നുള്ള കൈപ്പറ്റ് രസീതി. 2.പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം വാങ്ങിയിട്ടില്ല
"	10/14-15 /20.3.15	13800	പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം വാങ്ങിയിട്ടില്ല
"	12/14-15 /20.3.15	10800	പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം വാങ്ങിയിട്ടില്ല
ആകെ		113800	

2015-2016

പ്രൊജക്ട്	ബിൽ നമ്പർ / തിയതി	തുക	അപാകതകൾ
S0041/15-16 പെരിഞ്ഞനം സി.എച്ച്.സി യിലേയ്ക്ക് യു.പി.എസ് വാങ്ങൽ	1/15-16 /14.10.15	50000	1.കൈപ്പറ്റ് രസീതി 2. പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം വാങ്ങിയിട്ടില്ല 3.ക്വട്ടേഷൻ / ടെണ്ടർ നടപടി സ്വീകരിക്കാതെ Universal Battery House ൽ നിന്ന് വാങ്ങി.
S0042/15-16 പെരിഞ്ഞനം സി.എച്ച്.സി യിലേയ്ക്ക്	5/15-16 /29.11.15	50000	1. പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം വാങ്ങിയിട്ടില്ല

ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങൽ			2. ക്വട്ടേഷൻ / ടെണ്ടർ നടപടി സ്വീകരിക്കാതെ Ascot computer ൽ നിന്ന് വാങ്ങി.
S0043/15-16 പെരിഞ്ഞനം സി.എച്ച്.സി യിലേയ്ക്ക് ടോക്കൺ സമ്പ്രദായം	6/15-16 /29.1.16	60000	1. കൈപ്പറ്റ് രസീതി 2. പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം വാങ്ങിയിട്ടില്ല 3.ക്വട്ടേഷൻ / ടെണ്ടർ നടപടി സ്വീകരിച്ചില്ല.
S0049/15-16 പെരിഞ്ഞനം സി.എച്ച്.സി ഫാർമസി ശീതീകരണം	3/15-16 /16.12.15	50000	കൊല്ലം മാക്സെൽ ഏജൻസീസിൽ നിന്നുള്ള കൈപ്പറ്റ് രസീതി
ആകെ		210000	

3-11 അധിക യാത്രാപ്പടി - തുക തിരികെ ഈടാക്കേണ്ടതാണ്

സർക്കാർ ഉത്തരവ് ജി.ഒ(പി) നം74/12/fin തിയതി 28.1.2012 പ്രകാരം റവന്യൂ ഉപജില്ല അധികാരപരിധിയായുള്ള ഗ്രാമ വികസന വകുപ്പിലെ ഡ്രൈവർക്ക് ത്രൈമാസ/പ്രതിമാസ പരിധി യഥാക്രമം 3150/- രൂപയും, 1050/- രൂപയും ആണ് അനുവദനീയമായിട്ടുള്ളത്. ഗ്രാമ വികസന വകുപ്പിൽ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന ഡ്രൈവറായ ശ്രീ. സെബാസ്റ്റ്യന് ത്രൈമാസ/പ്രതിമാസ പരിധിക്ക് അധികമായി യാത്രാപ്പടി നല്കി. വിശദാംശംങ്ങൾ താഴെ ചേർക്കുന്നു.

മാസം	ചെക്ക് നമ്പർ/ തിയതി	നല്കിയ തുക	നല്കാവുന്നത്	അധികം നല്കിയത്
6/14 7/14 8/14	1579302/25.09.14	3700	3150	550
3/14 4/14 5/14	1299368/28.06.14	3300	3150	150
9/14	1579327/26.12.14	3800	3150	650

10/14 11/14				
				1350

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

3-12 കാർഷിക യന്ത്രം ഉപയുക്തമാക്കിയില്ല

പ്രോജക്ട് : S0034716

ബിൽ നമ്പർ : 2/15-16

തുക : 450000/-

ശ്രീനാരായണപുരം, കൈപ്പമംഗലം , എറിയാട് ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കിയ കാർഷിക യന്ത്രവൽക്കരണം പ്രോജക്ടിനായി മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ടില്ലർ വാങ്ങുന്നതിനായി 150000 രൂപ വീതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. 22.4.17 ന് നടത്തിയ ഭൗതിക പരിശോധനയിൽ ശ്രീനാരായണപുരം കോക്കനട്ട് ഫെഡറേഷന് നൽകിയ ടില്ലറുകൾ കോക്കനട്ട് ഫെഡറേഷൻ പ്രസിഡണ്ടിന്റേയും ഒരു ഗുണഭോക്താവിന്റേയും വീട്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. എന്നാൽ നാളിതുവരെ ടില്ലറുകൾ ഉപയോഗപ്പെടുത്തുകയോ ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല . നാളികേര ഉത്പ്പാദക സംഘങ്ങൾക്ക് കുറഞ്ഞ ചെലവിൽ ടില്ലറുകൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നതെങ്കിലും സംഘങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുക വഴി പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല. കർഷകർക്ക് ഗുണകരമായ രീതിയിൽ കാർഷിക യന്ത്രങ്ങൾ ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3-13 മോണിറ്ററിംഗിന്റെ അഭാവം തുക വിനിയോഗിക്കാതെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ചത് സംബന്ധിച്ച്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം.30/15 പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലെ മെറിറ്റോറിയസ് സ്കോളർഷിപ്പിന് അർഹരായ പട്ടികജാതിയിൽ പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ബിൽ നം.9/14/25.9.14 പ്രകാരം പിൻവലിച്ച 5,00,000/-രൂപ ഡി.ഡി.നം. 669505 തിയതി 27.9.14 പ്രകാരം കൈപമംഗലം ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നുവെങ്കിലും തുക വിനിയോഗിക്കാതെ11/16 ന് കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കിയതായി 21/11/16 ലെ A3/8731/16 കത്തു പ്രകാരം ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുക യഥാസമയം വിനിയോഗിക്കാതെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കിയതു മൂലം മെറിറ്റോറിയസ് സ്കോളർഷിപ്പിന് അർഹതയുണ്ടായിരുന്ന പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാതെ പോയി. സംയുക്ത പ്രോജക്ടുകൾക്കായി നൽകുന്ന തുകകൾ യഥാ സമയം വിനിയോഗിക്കുന്നുണ്ടോയെന്നും

അർഹരായ ഗുണഭോക്താക്കൾ ഇല്ലാതെയാണോ ഗ്രാമപഞ്ചായത്തുകൾ വിഹിതം ആവശ്യപ്പെടുന്നത് എന്നും പരിശോധിക്കാതെ പദ്ധതികൾക്കായി തുക നൽകുന്നതുമൂലമാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്. പദ്ധതി രൂപീകരണത്തിലേയും നിർവ്വഹണത്തിലേയും ഏകോപനമില്ലായ്മയും മോണിറ്ററിംഗിന്റെ അഭാവവുമാണ് ഇത്തരത്തിൽ സംഭവിക്കാനിടയായിട്ടുള്ളത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും നൽകുന്ന തുകകളുടെ യഥാർത്ഥ രസീതുകൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

3-14 ധനവിനിയോഗ സാക്ഷ്യപത്രം/സാംഖ്യ രസീത് ഹാജരാക്കാത്തത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ക്രമ നം.	പ്രോജക്ട് നം.	ഡി.ഡി.നം./ തിയതി	തുക	തുക നൽകിയത്/ഉദ്ദേശ്യം	കുറിപ്പുകൾ
1	So21/15	669569/ 30.9.14	1,00,000/-	സാമൂഹ്യ സുരക്ഷാ മിഷൻ,തിരുവനന്തപുരം	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.
2	So29/15	667973/ 28.8.14	10,00,000/-	എറിയാട് ഗ്രാമപഞ്ചായത്ത്,ഭവന നിർമ്മാണം	സാംഖ്യ രസീത് ഹാജരാക്കിയിട്ടില്ല.
3	So74/15	985851/ 29.12.14	1,00,000/-	എടത്തിരുത്തി ഗ്രാ.പ. മുട്ടക്കോഴി വിതരണം.	സാംഖ്യ രസീത് ഹാജരാക്കിയിട്ടില്ല.
4		991168/ 6.4.15	10,200/-	,,	,,
5	So25/15	669504/ 27.9.14	3,36,500/-	ആശ്രയ-കൈപമംഗലം	സാംഖ്യ രസീത് ഹാജരാക്കിയിട്ടില്ല
6	So31/15	668447/ 30.7.14	2,50,000/-	ആശ്രയ-പെരിഞ്ഞനം	സാംഖ്യ രസീത് ഹാജരാക്കിയിട്ടില്ല
7	So26/15	668450/ 30.7.14	1,50,000/-	ആശ്രയ-പെരിഞ്ഞനം	സാംഖ്യ രസീത് ഹാജരാക്കിയിട്ടില്ല
8	So23/15	989076/ 19.3.15	16,00,000/-	ആശ്രയ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം.	സാംഖ്യ രസീത് ഹാജരാക്കിയിട്ടില്ല, ബാക്കി തുക 1,50,000/-രൂപയുടെ ഡി.ഡി തിരികെ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചത് കൺസോളിഡേറ്റഡ് ഫണ്ടിൽ 13.4.16 ന് തിരിച്ചടച്ചു.
9		988620/ 3.3.15	3,50,000/-		
10	So.91/15	985892/ 29.12.14	2,25,000/-	പെയിൻ & പാലിയേറ്റിവ് പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്	സാംഖ്യ രസീത് ഹാജരാക്കിയിട്ടില്ല.

				ബ്ലോക്ക് വിഹിതം.	
11	so70/15	15/14-15/ 28.10.14	3,00,000/-	എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കാളിക്കുട്ടി സാംസ്കാരിക നിലയം, ബ്ലോക്ക് വിഹിതം.	വിനിയോഗ സാക്ഷ്യപത്രം, സാംഖ്യ രസീത് ഹാജരാക്കിയിട്ടില്ല.
12		18/14-15/ 31.10.14	6,00,000/-		
13		29/14-15/ 21.12.14	3,00,000/-		

ഇതിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ക്രമ നം. 1, 11, 12, 13 എന്നിവയുടെ ആകെ തുക 13 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

3-15 സയൻസ് പാർക്ക് മതിലുകെട്ടൽ -അപാകതകൾ–ചെലവ് തുക -8,10,112/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

പ്രോജക്ട് നം .58/16

എസ്റ്റിമേറ്റ് -പദ്ധതി -8,00,000/- തനത് ഫണ്ട്-7,00,000/-ആകെ-15,00,000/-

ടെണ്ടർ - 11-8-2015 . സെലക്ഷൻ നോട്ടീസ്-26-8-15 . കോൺട്രാക്ടർ - മുഹമ്മദ് സഗീർ (5.9944% കുറവ്) .കരാർ തിയ്യതി - 10-9-15 .കരാർ പ്രകാരം പണിപൂർത്തിയാക്കേണ്ട തിയ്യതി -31-3-16. M.B.No. 30/2014-15

ബിൽ നം.47/16 തീയതി 31-3-16 =8,00,000/- ചെക്ക്നം.5962090 തീയതി 31-3-16 =10,112/- (ചെക്ക്നം.1961600 തീയതി 24-11-16 =5,83,721 /-)

I.S.R.O.യുടെ സ്ഥിരം പ്രദർശന കേന്ദ്രം(സയൻസ് പാർക്ക്)തുടങ്ങുന്ന ആവശ്യത്തിലേയ്ക്കായി എടത്തിരുത്തി വിലേജിൽ 50 സെന്റ് (സർവ്വെ നം167/11 ൽ 14സെന്റ്, സർവ്വെ നം 202/2 ൽ 36 സെന്റ്) സ്ഥലം Dr.വിജയൻ, കൊല്ലാറ വീട്, കൊക്കാല, തൃശ്ശൂർ എന്ന വ്യക്തി സംഭാവനയായി മതിലകം ബ്ലോക്ക് പഞ്ചായത്തിന് നൽകി. സംഭാവനയായി കിട്ടിയ സ്ഥലത്ത് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിന് മുമ്പായി ഈ സ്ഥലം മതിലുകെട്ടി സംരക്ഷിക്കുന്നതിനുള്ളതായിരുന്നു പദ്ധതി. മുഹമ്മദ് സഗീർ പി.എ, പുന്നിലത്ത് ഹൗസ്, ക്ലളിമുട്ടം എന്ന വ്യക്തിയാണ് പണി നടത്തിയ കോൺട്രാക്ടർ. ഈ പദ്ധിയുടെ ഭാഗമായി 2015-16 വർഷം 8,10,112/- (2016-17 ൽ 5,83,721/- രൂപ അടക്കം13,93,833/-രൂപ) രൂപ ചെലവഴിച്ചിട്ടുണ്ട്. പണി പൂർത്തിയായത് 22-11-2016 ൽ ആണ്.21-4-2017 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പദ്ധതി നടപ്പിലാക്കിയ സ്ഥലം വലിയൊരു പാടശേഖരത്തിന്റെ ഭാഗമായ കൃഷിയിടമായിരുന്നുവെന്നാണ് കാണാൻ കഴിഞ്ഞത്. പ്രാദേശിക പരിശോധനയിലും ഫയൽ പരിശോധനയിലും കണ്ട കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1. Dr.വിജയൻ,കൊല്ലാറ വീട്, കൊക്കാല, തൃശ്ശൂർ എന്ന വ്യക്തി സംഭാവനയായി മതിലകം ബ്ലോക്ക് പഞ്ചായത്തിന് നൽകിയ 50 സെന്റ് സ്ഥലം നിലവിൽ പാടമാണ്. 2008 ലെ തണ്ണീർതട നെൽ വയൽ നിയമ പ്രകാരം തണ്ണീർതടത്തിനോ നെൽ വയലിനോ രൂപമാറ്റം വരുത്താൻ പാടില്ലാത്തതാണ്.എന്നാൽ 24-11-2016 ലെ രണ്ടാമത്തെ ബിൽ പ്രകാരം (M.B.No. 30/2014-15 item no 9) 621.30 M^3 മണ്ണ് (752.49 @ M^3)ഉപയോഗിച്ച് വയൽ നികത്തിയിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട് മതിയായ അധികാര കേന്ദ്രങ്ങളിൽനിന്ന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കേണ്ടതാണ്.

2. പുതിയ നിർമിതി നടത്തുന്നതിന് മുമ്പായി എടത്തിരുത്തി പഞ്ചായത്തിൽ നിന്ന് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുമതി വാങ്ങിയിട്ടില്ല.

3. സംഭാവനയായി ലഭിച്ച സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയാക്കി പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റുന്ന പ്രക്രിയ ഓഡിറ്റ് തിയ്യതിവരെ നടന്നിട്ടില്ല.

4. 2008 ലെ തണ്ണീർതട നെൽ വയൽ നിയമ പ്രകാരം തണ്ണീർതടത്തിനോ നെൽ വയലിനോ രൂപമാറ്റം വരുത്താൻ പാടില്ലാത്തതാണ്. ഇതിന് പുറമെ ഈ നിയമ പ്രകാരം കാർഷിക നിലങ്ങളെ പട്ടികപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽ സയൻസ് പാർക്കിനായി ലഭിച്ച സ്ഥലം ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വിശദീകരിക്കേണ്ടതാണ്.

5. ഗ്രാമ വികസന കമ്മീഷണറുടെ 13-6-2014ലെ 22999/DP4/13CDR നമ്പറായി എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകിയ കത്ത് പ്രകാരം പഞ്ചായത്ത് രാജ് ആക്ട് 172 വകുപ്പ് 1ാം ഉപവകുപ്പിലെ പട്ടിക 4 പ്രകാരം പറയുന്ന പൊതുവായതും മേഖലാ ചുമതലയിൽ വരുന്ന പദ്ധതികൾക്ക് പുറമെ പദ്ധതികൾ ആവിഷ്കരിക്കുന്നത് ശരിയായ നടപടിയല്ല. ഇത്തരം കാര്യങ്ങളിൽ ഇവ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. ടി സഹചര്യത്തിൽ ഈ സ്ഥലത്ത് തുടർ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുമ്പായി ക്ഷമതയുള്ള കേന്ദ്രങ്ങളിൽനിന്ന് മതിയായ അംഗീകാരവും അനുമതിയും വാങ്ങേണ്ടതാണ്.

3-16 എടവിലങ്ങ് ഗ്രാമ പഞ്ചായത്ത്- കാര ഗ്രൗണ്ടിൽ ടോയ് ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണം-അപാകതകൾ - ചെലവ് -2,20,842/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

എസ്റ്റിമേറ്റ് -2,50,000/- സെലക്ഷൻ നോട്ടീസ്-20 -8-15. ഗുണഭോക്തൃസമിതി കൺവീനർ-C.P.പുരുഷോത്തമൻ. കരാർ തിയ്യതി 21-8-15. പണി അവസാനിച്ച തിയ്യതി - 5-1-16 . M.B.No-11/14-15. ചെലവ് -2,20,842/- (ചെക്ക് നം 221088 തിയ്യതി 29-1-2016).

2015 -16 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്ലോക്ക്) നടപ്പിലാക്കിയ കാര ഗ്രൗണ്ടിൽ ടോയ് ലറ്റ് കോപ്ലക്സിന്റെ നിർമ്മാണം എന്ന പദ്ധതിയുടെ ഗുണഭോക്തൃ സമിതി 8-6-2015 ൽ കൂടുകയും ശ്രീ.-C.P. പുരുഷോത്തമനെ കൺവീനറായി തെരഞ്ഞെടുത്തിട്ടുണ്ട്.ഈ സമിതി 2,20,842/-രൂപ ചെലവഴിച്ച് 5-1-16 ൽ പണി പൂർത്തീകരിച്ചിട്ടുണ്ട് . 21-4-17 ൽ നടത്തിയ സ്ഥല പരിശോധനയിലും ഫയലിലും കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ടോയ് ലറ്റ് കോംപ്ലക്സിന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നില്ല.

2. ടോയ് ലറ്റ് കോംപ്ലക്സിലേക്ക് നിലവിൽ വെള്ളം ലഭിക്കുന്നതിനുള്ള സൗകര്യങ്ങളില്ല.

3.ടോയ് ലറ്റ് കോംപ്ലക്സിന്റെ നടത്തിപ്പിനായി ഒരുവിധ പൊതു സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല.

പൊതു പണം ഉപയോഗിച്ച് പണി നടത്തിയെങ്കിലും ഇത്പൊതുജനത്തിന് ഉപകാരപ്രദമായില്ല. ടി സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

3-17 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം 2014-15,2015-16 വർഷം-പൊതു അപാകതകൾ

1. 2014-15 ൽ ആകെ ഉണ്ടായിരുന്ന 50 പദ്ധതികളിൽ 38 പദ്ധതികളാണ് പൂർത്തിയാക്കിയത് ഇതിനായി 3,21,73,176 രൂപ വകയിരുത്തിയതിൽ 2,24,63,750രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 97,09,426 രൂപ ഈവർഷം ചെലവഴിക്കുവാൻ കഴിയാതെ പോയത് എന്തുകൊണ്ടെന്ന് വിശദീകരിക്കേണ്ടതാണ്. അതുപോലെ 2015-16 വർഷത്തിൽആകെ ഉണ്ടായിരുന്ന 56 പദ്ധതികളിൽ 48പദ്ധതികളാണ് പൂർത്തിയാക്കിയത് ഇതിനായി 3,12,21,163രൂപ വകയിരുത്തിയതിൽ 2,61,20,844 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 51,00,319 രൂപ ഈവർഷം ചെലവഴിക്കുവാൻ കഴിയാതെ പോയത് എന്തുകൊണ്ടെന്നതും വിശദീകരിക്കേണ്ടതാണ്.

2. 2014-15,2015-16 വർഷങ്ങളിൽനടപ്പാക്കാൻ കഴിയാതെപോയ പദ്ധതികളിൽ ഏതെങ്കിലും പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വിശദീകരിക്കേണ്ടതാണ്.

3. പരിശോധനക്കായി ഹാജരാക്കിയ പദ്ധതികൾ പ്രകാരം പദ്ധതികളുടെ വിശദാംശങ്ങൾ ഒന്നും ലഭ്യമല്ല. നിലവിൽ പദ്ധതികൾ തയ്യാറാക്കാനായി ഉപയോഗിക്കുന്ന സുലേഖ സോഫ്റ്റ് വെയർ ഇതിന് പര്യാപ്തമല്ലെങ്കിൽ ഇതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നടപടികൾ എടുക്കേണ്ടതാണ്.

4. നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽ തുടർന്നു വരുന്ന ഫയൽ സൂക്ഷിപ്പ് ശരിയായ രീതിയിലല്ല. മനപ്പൂർവ്വമോ അല്ലാതെയോ ഫയലിൽനിന്ന് പേജുകൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയുവാൻ കഴിയാത്ത രീതിയിലാണ് നിലവിലെ ഫയൽ സൂക്ഷിപ്പ് രീതി. ഫയൽ പേജുകൾക്ക് നമ്പറിടുന്ന രീതി നടപ്പിലാക്കിയാൽ ഈ അപാകത ഒഴിവാക്കാവുന്നതാണ്.

   4.1. ഫയലിൽ പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുകയോ, ഇതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്ന രീതിയോ നിലവിലില്ല. അതിനാൽതന്നെ പൂർണ രൂപത്തിലുള്ള പ്രവർത്തനങ്ങൾ ഫയലിൽ നിന്ന് മനസ്സിലാക്കുവാൻ പ്രയാസകരമാണ്. നോട്ട് ഫയൽ സൂക്ഷിക്കുന്ന രീതി നടപ്പിലാക്കിയാൽ ഈ അപാകത ഒഴിവാക്കാവുന്നതാണ്.

5. കരാർ ചമക്കുമ്പോൾ പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ സമയക്രമം ഉൾപ്പെടുത്തുന്നില്ല.ടെണ്ടർ ക്ഷണിക്കുമ്പോൾ സമയം കാണിക്കുന്നുണ്ടെങ്കിലും ഇത് ഒട്ടും ശാസ്ത്രീയമല്ല. രണ്ടാഴ്ചയോ ഒരുമാസമോ രണ്ടുമാസമോകൊണ്ട് തീരാവുന്ന പ്രവൃത്തികൾക്ക് ആറ് മാസമോ അല്ലെങ്കിൽ ആ വർഷം മാർച്ച് 31 വരെയോ കൊടുക്കുന്നരീതിയാണ് നിലവിലുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ അവസാന സമയത്തേക്ക് മാറ്റിവെക്കുന്നതിന് ഇടയാക്കുന്നു. ഇത് മൂലം നിലവിലുള്ള ഉദ്യോഗസ്ഥർക്ക് പണി മേൽനോട്ടം നടത്തുവാൻ കഴിയാത്ത അവസ്ഥ സംജാതമാകുകയും ആസൂത്രണ പ്രക്രിയയുടെ സത്തക്ക് വിരുദ്ധമായി തീരുകയും ചെയ്യുന്നു.

6. ബ്ലോക്ക് പഞ്ചായത്തിൽ ലഭിക്കുന്ന ഫണ്ട് ഡിവിഷൻ അടിസ്ഥാനത്തിൽ വീതം വെയ്ക്കുന്ന ആസൂത്രണ പ്രക്രിയയുടെ അന്തസത്തയ്ക്ക് നിരക്കാത്ത പ്രവണത ഇപ്പോഴും നിലനിൽക്കുന്നതായി കാണുന്നു. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് എന്ന പ്രാദേശിക സർക്കാരിന്റെ ദൗത്യങ്ങൾ പൂർത്തിയാക്കുവാൻ നിലവിൽ ഈ സാഹചര്യത്തിൽ കഴിയുന്നില്ല. ഈ അപാകത പരിഹരിക്കുന്നതിനാവശ്യമായ ബോധപൂർവമായ ശ്രമങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ടതാണ്.

7. മുകളിൽ പറഞ്ഞ കാരണങ്ങളാൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ചെലവഴിക്കുന്ന തുകയ്ക്ക് തുല്യമായ ഉപയോഗക്ഷമത സമൂഹത്തിന് ലഭ്യമാകുന്ന അവസ്ഥ ഇപ്പോൾ നിലവിലില്ല.ആസൂത്രണ പ്രക്രിയയിലുണ്ടായ ഈ പിഴവ് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതും പരിഹരിക്കപ്പേടേണ്ടതുമാണ്.

8. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ചെലവഴിക്കുന്ന തുകയ്ക്ക് തുല്യമായ ഉപയോഗക്ഷമത സമൂഹത്തിന് ലഭ്യമാകുന്നതിന് ഉതകുന്ന പദ്ധതികളായിരിയ്ക്കണം വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ രൂപപെടേണ്ടത്. നിർഭാഗ്യവശാൽ ഇത്തരം ഒരു കാഴ്ചപ്പാട് 2014-15, 2015-16 വർഷങ്ങളിലെ പദ്ധതി രൂപീകരണത്തിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാക്കാവുന്ന രീതിയിൽ ഇവരുടെ പരിശീലന പരിപാടികൾ ശക്തിപെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

9. 2014-15 വർഷത്തിൽ 50 പദ്ധതികളും 2015-16 വർഷത്തിൽ 56 പദ്ധതികളും ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയെങ്കിലും ഒറ്റ പദ്ധതിപോലും ശരിയായ രീതിയിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്തന്നെയാണ് മോണിറ്ററിംഗിന് സമിതിയായി പ്രവർത്തിയ്ക്കേണ്ടത്. എന്നാൽ ഭരണാധികാരികളും ഉദ്യോഗസ്ഥന്മാരേയും ഒഴിവാക്കി കൊണ്ടുള്ള ഒരു സമിതിയാണ് വർക്കിംഗ് ഗ്രൂപ്പിനുള്ളിൽ നിന്ന് രൂപപ്പെടേണ്ടത്. പ്രവൃത്തി നിർവ്വഹിച്ച ഭരണാധികാരികൾ തന്നെ പദ്ധതി മോണിറ്ററിംഗിന് വിധേയമാക്കുന്നത് ശരിയായ നടപടിയല്ല.

10. ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതിന് മാത്രമായി രേഖകൾ ഉണ്ടാക്കി ഫയലിൽ സൂക്ഷിക്കുന്നരീതി ഓഡിറ്റ് വർഷങ്ങളിൽ നിലനിൽക്കുന്നതായി കാണുന്നു. ഇത് അതീവ ഗുരുതരമായ തെറ്റായ പ്രവണതയാണ്. എസ്റ്റിമേറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ചില ഉദാഹരണങ്ങൾ മാത്രം. ഇത്തരം തെറ്റായ പ്രവണതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

11. ഓഡിറ്റ് വർഷങ്ങളിൽ ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിൽ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ശരിയായ രീതിയിൽ പാലിയ്ക്കപ്പെട്ടിട്ടില്ല. വരവ് ചെലവ് പുസ്തകം, സ്റ്റോക്ക് രജിസ്റ്റർ, ദൈനംദിന ഡയറി എന്നിവ ഒരു ഗുണഭോക്തൃ സമിതികളും സൂക്ഷിച്ചിട്ടില്ല. മിനിറ്റ്സ് പുസ്തകം ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പാസ് ബുക്ക് തുടങ്ങിയത് ചില കേസുകളിൽ ബിൽതുക കൈമാറി കഴിഞ്ഞതിന് ശേഷമാണ്. ആവശ്യമുള്ള സാധനങ്ങളുടെ വാങ്ങൽ, യന്ത്ര സാമഗ്രികളുടെ വാടകക്ക് എടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.ഒരു പദ്ധതിപോലും മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല.

12. ഓഡിറ്റ് വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളിൽ ഡോക്യുമെന്റേഷൻ ഒട്ടും ഫലപ്രദമല്ല. ആയത് പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ് .

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

2014-2015

നിർവ്വഹണ	പ്രവൃത്തിയുടെ	വൗച്ചർ നമ്പർ/ ചെക്ക്	മുൻകൂർ	ചെലവഴിച്ച	ചെലവഴിക്കാൻ

ഏജൻസി	പേര്	നം.	നൽകിയ തുക	തുക	ബാക്കിയുള്ള തുക
പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്	മാടവന PHC OP/IP ബ്ലോക്ക് റീവയറിങ്	DD No.248150/16.04.2015	460125	443129	16996/- deposited as per chalan No. 36/28.03.16
പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്	ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ വയറിംഗ്	DD No.248153/16.04.2015	75375	65592	9783/- deposited as per chalan No. 35/28.03.16
പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്	ADA ഓഫീസ് വയറിംഗ്	DD No.248142/16.04.2015	221625	199104	22521/- deposited as per chalan No. 33/28.03.16

2015-2016

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്	റിവൈറിംഗ് ICDS ഓഫീസ് കൊടുങ്ങല്ലൂർ	DD No. 353518/7.04.16	300000/-	ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല	

ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

2014-15

വർഷാരംഭത്തിൽ അടവാക്കാനുള്ളത്	തിരികെ അടവാക്കിയത്	ബാക്കി
28,52,457	3,00,000	25,52,457

ഐ.എ.വൈ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം നൽകുന്നതിന്

2015-16

വർഷാരംഭത്തിൽ അടവാക്കാനുള്ളത്	തിരികെ അടവാക്കിയത്	ബാക്കി
25,52,457	5,00,000	20,52,457

വായ്പാരജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ അടവിന്റെയും പലിശ, മുതൽ ഇനത്തിൽ അടവാക്കിയ തുകയുടെയും വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 2/ 6.04.17 പ്രകാരം പഞ്ചായത്തിൽ നിന്ന് ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയത്.)

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999	3-4	2006-07	അറവുശാല - സ്ഥലം വാങ്ങിയതു സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2001-02	3-10	"	മതിലകം മാർക്കറ്റ് നിർമ്മാണം	
2002-03	3-5	"	റോഡ് റോളർ പദ്ധതി- ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാത്തത് സംബന്ധിച്ച്	
2010-11	2-3	"	റോഡ് റോളർ കേടായി കിടക്കുന്നതു സംബന്ധിച്ച്	
"	3-2	"	അംഗൻവാടികളോടനുബന്ധിച്ച് വൃദ്ധർക്ക് വിശ്രമ കേന്ദ്രം	
"	3-11	"	റബ്ബറധിഷ്ഠിത വ്യവസായം- പ്രവർത്തനരഹിതം വിശദീകരണം	

4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

2014-2015

ഓഡിറ്റ് വർഷത്തെ ആകെ വരവ്	122054262
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	113921449

2015-2016

ഓഡിറ്റ് വർഷത്തെ ആകെ വരവ്	86516765
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	87749024

വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1350
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	59,78,977

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3.11	-	1350	ശ്രീ.ജെ ഹരിലാൽ, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3	2718000	വിധു വർക്കി, ക്ഷീരവികസന ഓഫീസർ
3-8 (എ) (ബ)	46500 87000	ശ്രീ ജെ. ജയപ്രകാശ്, സെക്രട്ടറി ശ്രീ ജെ.ഹരിലാൽ, സെക്രട്ടറി
3-9	350000	യു.എം ഷംല, സെക്രട്ടറി
3-10	446523	ഡോ. സാന. എം. പരമേശ്വരൻ, മെഡിക്കൽ ഓഫീസർ
3-14	1300000	ശ്രീ ജെ.ഹരിലാൽ, സെക്രട്ടറി
3-15	810112	ശ്രീ. ഡി. ബിജു, അസി.എക്സി. എഞ്ചിനീയർ
3-16	220842	ശ്രീ.ഡി. ബിജു, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ജെ ഹരിലാൽ, സെക്രട്ടറി	റിട്ടയേർഡ്	ഹരികൃഷ്ണ ചക്രപാണിപുരം പുതുക്കുളങ്ങര, പി.ഒ നെടുമങ്ങാട്-695541

4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്സ്
1995-96 മുതൽ 98-99 വരെ	എൽ.എഫ്.ടി.19-861/06/ 12.10.06/28.2.07	
1999-2000	എൽ.എഫ്.ടി.12-851/06/12.10.06	
2000-01	എൽ.എഫ്.ടി.12-850/06/12.10.06	

	/28.2.07	
2001-02	എൽ.എഫ്.ടി.12-849/06/31.10.06/1.3.07	
2002-03	എൽ.എഫ്.ടി.21-2569/07/25.11.2008	
2003-04	എൽ.എഫ്.ടി.21-2568/07/25.11.08	
2004-05	എൽ.എഫ്.ടി.21-2567/07/25.11.08	
2005-06	എൽ.എഫ്.ടി.21-795/09/22.5.10	
2006-07	എൽ.എഫ്.ടി.21-796/09/22.5.10/3.12.10	
2007-08	എൽ.എഫ്.ടി.21-67/12/28.5.12/5.9.12	
2008-09	എൽ.എഫ്.ടി.21-68/12/28.5.12/5.9.12	
2009-10	എൽ.എഫ്.ടി.21-69/12/28.5.12/5.9.12	
2010-11	എൽ.എഫ്.ടി.21-69/12/28.5.12/5.9.12	
2011-12	എൽ.എഫ്.ടി.(ബി.പി)222/13/1.8.13 /4.11.13	
2012-13	എൽ.എഫ്.ടി.(ബി.പി)1025/2014/8.10.14 /3.12.14	
2013-14	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)31/16/8.01.2016	

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ